Mr. K. Kochukunhan Kaimal *(Vadakkancheri):* Sir, I have great pleasure in taking this opportunity of making some observations about the importances and certain general features of this year's budget. This year's budget is important, because it is in fact the first Budget prepared in accordance with the declared intentions and policy of the Cochin Government in its relation with regard to certain departments of administration which come in intimate contact with the numerous village population. This policy has been declared in unmistakable terms by the Diwan President on the eve of the inauguration of the constitutional reforms in the State. I take this opportunity to express my appreciations of the anxiety and care evinced by the head of the administration in the matter of implementing the different items of programme and policy openly declared on the above occasion. I shall refer to this aspect of the Budget in a little more detail in the course of my address. Suffice it to say that the Government has made a genuine effort to give effect to the Reforms, by working out the transferred departments in tune with the declared policy, but, no doubt, within the financial limits of the resources of the State. I may also say that this is a good beginning and that the policy initiated will be carried out in years to come in a more and more liberal manner so as to promote the welfare and happiness of the rural folk.

I must observe at the outset that the expenditure of the State is increasing by leaps and bounds, while the increase in revenue does not show such progress as to keep pace with the increasing expenditure. In order to meet this contingency the only substantial sources which show a tendency to rise in revenue are Income-tax and Customs. No attempt is being made to tap other resources in order to meet this ever-increasing demand. A perusal of Statement No. I, in the Explanatory Memorandum by the Finance Member, viz., Statement showing the progress in the income and expenditure of the State for the last decade will warrant to a considerable extent the truth of my above Statement. The revenue which was only about 86 lakhs in 1103 has risen to 105 lakhs in 1113

LIBRARY ARCHIVES Kerala Legislative Assembly

while the expenditure which was 67 lakhs in 1103 has risen up to 105 lakhs. This shows that in the course of ten years, though there was only a rise of 19 lakhs in the revenue, the expenditure doubled itself. This feature is certainly alarming and as stated above, whatever small increase there may be in the revenue every year that will hardly be sufficient to meet the increasing expenditure.

An analysis of the budgets of 1113 and 1114 will show the following result. The Budget Estimate for 1113 was a surplus one to the extent of 1·81 lakhs. But the revised estimate showed a deficit of 2·71 lakhs. But by the end of 1113 the actuals on the side of both receipts and expenditure varied and the result was a small surplus of ·21 lakh. It is observed that this surplus is arrived at even after a transfer of 4·50 lakhs to the revenue reserve fund. Thus there must be an increase to the extent of about 7 lakhs from the Budget Estimate of 1113. It is found from page 7 of the explanatory statement that as against Budget Estimate of ·78 lakhs under Profits Fund and Capital Outlay there was an enormous increase of 9·29 lakhs. The remark as against this item makes it clear that this large increase in revenue is by way of receipt by sale of a portion of the reclamation lands, royalty, etc. So this is not a permanent increase and the result above noted namely, ·21 lakhs after making up the deficit of 2·71 lakhs and after a transfer of 4·50 lakhs to the revenue reserve fund is not at all due to a real surplus budget. So it is clear that the Budget closing with 1113 is not a surplus Budget, but really a large deficit one made good by the sale of a portion of the reclamation land. Even last year in my speech I had occasion to make my observations about this policy of meeting the increased expenditure by sale of portions of land belonging to the State. I had also remarked that this was not a prudent measure. On the other hand we find that various items of revenue except in the case of Income-tax and to some extent Customs do not show the prospect of an appreciable increase. Not only that there may not be increase, but we find a decrease of 1·29 lakhs under the Railway according to actuals of 1113. The acute economic condition all around will only tend to show a decrease in the matter of receipts from Railway. It is also likely that the movement for prohibition echoes of which are heard all round may, in course of time, bring about a situation which may substantially affect the revenue under Abkari, etc.

With regard to the Budget of 1114, it is seen that the expenditure for the year has been kept within the bounds of the general revenues of the year. The Government was able to achieve this and the Budget surplus of 3·31 lakhs has risen to 4·91 lakhs according to the revised Budget. This surplus is mainly due to the increase in

LIBRARY ARCHIVES Kerala Legislative Assembly

incomes under the head 'Customs' (1·78 lakhs), Income-tax (·75 lakh), Railway (·27 lakh), Interest (·71 lakh), etc.

The Budget of 1115 follows more or less the Revised Budget of 1114. The receipt Estimate for 1115 is 107·95 lakhs, while the expenditure 102·88 lakhs leaving a surplus of 5·07 lakhs. But, however, with regard to the items of receipt one point has to be noted namely that out of the 107·95 lakhs, one lakh included in the Miscellaneous receipts and debited against Rural Development Works represents transfer from the revenue reserve fund and does not come out of the General Revenues of the year. No doubt, the policy adopted by the Government in the matter of Rural Reconstruction is certainly to be appreciated and is in consonance with the legitimate demand and needs of the people of villages. The Government has really to be congratulated on this liberal policy and I am sure the same liberal policy will be followed up to meet the very legitimate and increasing demands of the poor lot of village population. But I may add one thing that the funds necessary for this purpose should certainly have to come out of the current revenue rather than by falling back upon the Reserve Fund. This expenditure which is expected to be ever on the increase is a legitimate one to be charged on the current revenues of each year and necessary funds will have to be found by tapping other sources of income and by reducing the establishment charges and by introducing cut in the pay of the highly salaried officers if necessary and by other measures of retrenchment in the matter of expenditure.

The total expenditure budgetted is 102·88 lakhs which also more or less follow the Revised Estimate for the current year, viz., 103·55 lakhs as against 101·56 lakhs according to the Budget Estimate. On a perusal of the statement of expenditure under various heads, it is, no doubt,gratifying to note that those Departments which concern the amelioration and welfare of the rural population have received more attention and greater consideration at the hands of the Government by making increased provisions of expenditure. It is hoped that these increased expenditure which would really go to the advancement of rural population will be spent in the best way possible. These departments are Panchayat, Co-operative, Education, Ayurveda, Industries and Commerce, Uplift of the Depressed Classes, etc. The adoption of this policy is no doubt in consonance with the declared intentions of the Government in connection with the inauguration of the Constitutional Reforms. I don't want to make particular references to these various departments except to make the above general observations. In this connection it is noticeable that the expenses of state conveyance which have been the subject matter of criticism (such criticism was only legitimate) have

LIBRARY ARCHIVES Kerala Legislative Assembly

been cut down by Rs. 28,000. The Government has to be congratulated in its appreciation of their criticisms and for the solicitude shown to remedy as far as possible the evil.

There are, no doubt, certain other departments the expenses in connection with which have been curtailed, and the policy adopted by the Government in this matter does not redound to the credit of an elightened Government like that of our State. The policy adopted by the Government in the matter of education is by no means liberal. We notice there are some of the other nation-building departments, viz., Public Works Department, Public Health and Medicine. In the case of Public Works no attempt is seen to have been made to fully carry out the programme of the Road Board Committee so far as some of the large works are concerned. The undertaking of these works, besides being useful for the general welfare of the public will be of immense service to the poor labouring classes who suffer even for want of work.

Regarding Education, I may be permitted to state that the Government ought to have viewed the question of the expansion of primary education more liberally in order to meet the demands of places affected for want of necessary institutions. It is to a certain extent painful to see that no provision has been made for the development of technical education which has become a necessity to aid the policy of industrialisation now adopted by the State.

I have attempted, in my speech, to refer to certain general features of the Budget and it is not my object to make a detailed criticism of the various items in particular.

The House rose for lunch at 12-55 p. m. and re-assembled at 2-30 p. m. with the Hon'ble Deputy President in the Chair.

മിസ്റ്റർ വി. കെ. കുട്ടി : മിസ്റ്റർ പ്രസിഡണ്ട്, സർ, രണ്ടുമൂന്നു വർഷങ്ങൾക്കു മുമ്പുവരെ ആശങ്കാജനകമായവിധത്തിൽ അനിയന്ത്രിതമായ നിലയിലെത്തിയിരുന്ന നമ്മുടെ സാമ്പത്തികനിലയെ നിയന്ത്രിച്ചു ആശ്വാസ്യവും ആശ്വാസകരവുമായ ഒരു സുപ്രസന്നാവസ്ഥയിൽ എത്തിക്കുവാൻ സാധിച്ചതവമ്മെണ്ടിനെ ഞാൻ അനുമോദിക്കുന്നു. ഇപ്പോഴത്തെ നമ്മുടെ സാമ്പത്തികനയം ബുദ്ധിപൂർവ്വകമായ ഒരു നിലയിൽകൂടിയാണെന്നു ഞാനും സമ്മതിക്കാതെ നിവൃത്തിയില്ല. ഈ നില കൊച്ചിയിൽ വരുന്നതിനു വേണ്ടി ഗവമ്മെണ്ടിനോടൊപ്പംതന്നെ നാട്ടുകാരും സഹകരിച്ചിട്ടുണ്ടെന്നുള്ള സംഗതി ഇവിടെ പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. വിദ്യാഭ്യാസകാര്യങ്ങളായ പ്രക്ഷോഭണങ്ങൾ മൂലവും മറ്റും സംസ്ഥാനത്തിനു് അത്യാവശ്യങ്ങളായ കാര്യങ്ങൾക്കു വേണ്ടുവോളം പണം വിനിയോഗിക്കുവാൻ സാധിക്കുന്നില്ലെന്നും ബഡ്ജറ്റു ബാലൻസു ചെയ്യുന്നതിനു വളരെ വിഷമം നേരിടുന്നുവെന്നുമുള്ള നിലവിളി നാം ചിലപ്പോൾ കേട്ടിട്ടുള്ളതാണ്. ആ ഒരു നില ഇവിടെ വരാതിരിക്കത്തക്കവണ്ണം വളരെ

LIBRARY ARCHIVES Kerala Legislative Assembly

നയപൂർവ്വം നമ്മുടെ രാജ്യത്തെ നയിക്കുന്ന ഗവൺമെണ്ടിനെ അനുമോദിക്കുന്നതി നൊപ്പം, ഗവൺമെണ്ടുമായി സൌഹാർദ്ദപൂർവ്വം സഹകരിക്കുന്ന ഈ നാട്ടിലെ ജനങ്ങളേയും അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ചെറുതെങ്കിലും ഒരു ഭേദപ്പെട്ട ഭക്ഷ്യാരം രാജ്യത്തുണ്ടായതുകൊണ്ട് നാട്ടിലെ പ്രതിപക്ഷം ജനങ്ങളും തൃപ്തി അട ഞ്ഞിട്ടുണ്ട്. അഥവാ അവർ ബഹളം കൂട്ടാതിരിക്കുന്നുണ്ട്. കിട്ടിയതു കഴിച്ചു് പോരാത്തതു കിട്ടുവാൻ പരിശ്രമിക്കേണ്ട ഒരു നില മാത്രമാണു് ഇന്നു ഇവിടെയുള്ളതു്. പൊതുജനങ്ങളുടെ ബുദ്ധിപൂർവ്വകമായ ഈ നിലയെ അടി സ്ഥാനപ്പെടുത്തി നോക്കുമ്പോൾ നാട്ടിലെ ആവശ്യങ്ങളെപ്പറ്റി ചിന്തിക്കുന്ന തിനു് ഗവൺമെണ്ടിനും പൊതുജനപ്രതിനിധികൾക്കും സൌകര്യം കിട്ടുന്നതി നും പല നല്ല കാര്യങ്ങളും നമുക്കു ചെയ്യുന്നതിനും സാധിക്കുന്നുണ്ടു്. അതു തന്നെ ഒരു ഭാഗ്യമായി നാം കരുതേണ്ടതാണു്. എങ്കിലും ഈ ബഡ്ജറ്റു നോ ക്കുമ്പോൾ ഒരു തൊഴിലാളിപ്രതിനിധിയെന്ന നിലയിൽ ഗവൺമെണ്ടിനെ എ നിക്കു അനുമോദിക്കുവാനും തരമില്ലാത്ത ഒരു നിലയാണുള്ളതു്. രാജ്യത്തു തൊഴിലില്ലായ്മ മൂലം പട്ടിണി കിടന്നു സങ്കടമനുഭവിക്കുന്ന ആളുകൾ പട്ടണ ത്തിൽ എന്നപോലെ ഉൾനാടുകളിലും ധാരാളമായി ഉണ്ടു്. ജീവിക്കുവാൻ അനുവദിക്കുക എന്നുള്ളതു് മനുഷ്യന്റെ ഏറ്റവും പ്രാഥമികമായ അവകാശ മാണു്. ജീവിക്കുവാനുള്ള മാർഗ്ഗം നിയമം മൂലം തടഞ്ഞു എന്നു ഞാനാക്ഷേപി ക്കുന്നില്ല. ജീവിക്കുവാനുള്ള സൌകര്യം ചെയ്തുകൊടുക്കുക എന്നാണു ഞാനാ വശ്യപ്പെടുന്നതു്. ആ കാര്യത്തിൽ എന്തു ചെയ്തുവെന്നു നോക്കുമ്പോഴാണു് ഈ ബഡ്ജറ്റു വളരെ വലിയ ഒരു പരാജയമാണെന്നു കാണുന്നതു്. ഈ രാ ജ്യത്തെ ബഹുഭൂരിപക്ഷക്കാരായ ദരിദ്രനാരായണന്മാർക്കു വേലയുണ്ടാക്കികൊടു ക്കാൻ എന്താണു് ഗവൺമെണ്ടു ചെയ്തിട്ടുള്ളതെന്നു ഞാൻ ചോദിക്കുന്നു. ബഹു മാനപ്പെട്ട മന്ത്രി അവർകൾക്കു് ഒരു ലക്ഷം രൂപാ ഗ്രാമോദ്ധാരണത്തിന്റെ പേരിൽ ഇതിൽ മാറിവെച്ചിട്ടുണ്ടു് എന്നു ഞാൻ കാണുന്നുണ്ടു്. ഗ്രാമങ്ങളി ലെ വ്യവസായങ്ങളെ വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണരുടെ മനോവ്യാപാരങ്ങൾക്കും കൂടിയാണു് ഈ ഒരു ലക്ഷം രൂപാ നീക്കിവെച്ചിട്ടുള്ളതു് എന്നോർക്കേണ്ടതാണു്. ഈ ഒരു ലക്ഷം രൂപാകൊണ്ടു എന്തു ചെയ്യുവാൻ സാധിക്കുമെന്നു ഞാൻ ചോ ദിക്കുന്നു. മന്ത്രിക്കു് സ്ത്രീമില്ലെന്നു പറയുന്നവർ ഒരു ലക്ഷം രൂപായാണു് അദ്ദേഹത്തിനു ലഭിച്ചിട്ടുള്ളതെന്നു ഇവിടെ സ്മരിക്കുന്നു. ഈ ഒരു ലക്ഷം രൂ പായ്ക്കുള്ള സ്ത്രീം അദ്ദേഹം ഉണ്ടാക്കിയിട്ടുണ്ടു്. എന്നാൽ ഒരു ലക്ഷം രൂപായുടെ സ്ത്രീംകൊണ്ടു് നമ്മുടെ നാട്ടിലെ വമ്പിച്ച തൊഴിലില്ലായ്മയേയൊ ദാരിദ്ര്യ ത്തേയൊ അഭിമുഖീകരിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. കൊച്ചിയിലെ വ ർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും പരിഹാരം നൽകുന്ന ഒരു വിപുലമായ സ്ത്രീമാണു് നമുക്കു വേണ്ടതു്. കുറെ പണം മാറിവെച്ചുകൊണ്ടു അതിനുള്ള ഒരു സ്ത്രീമുണ്ടാക്കുന്ന ഏർപ്പാടുകൊണ്ടു് കാര്യമായ യാതൊരു പ്ര യോജനവും ഉണ്ടാകയില്ല. ഞാൻ മുൻപു പറഞ്ഞതുപോലെയുള്ള വിപുല മായ ഒരു പദ്ധതിയുണ്ടാക്കി അതിനു വേണ്ടിവരുന്ന പണം എത്രയായാലും അതുണ്ടാക്കണം. ആ പണം നമ്മുടെ കൊല്ലംതോറുമുള്ള വരുമ്പടിയിൽനിന്നു എടുക്കാമെന്നുവച്ചാൽ അതു സാദ്ധ്യമല്ല. മറിച്ചുകാര്യത്തിൽ റിസർവിൽനി ന്നെടുക്കയൊ വായ്പയായിട്ടെടുക്കയൊ ആണു വേണ്ടതു്. ഇപ്പോഴത്തെ വി ല്പേജു പുനരുദ്ധാരണപദ്ധതികൊണ്ടു് ചില സ്ഥലങ്ങളിൽ മാത്രമേ പ്രവർത്തന ങ്ങൾ ചെയ്യുവാൻ സാധിക്കുകയുള്ളു. അങ്ങിനെയുള്ള പ്രവർത്തനങ്ങളല്ല ഞാൻ വിവക്ഷിക്കുന്നതു്. രാജ്യത്തെ വില്പേജുകൾക്കൊട്ടാകെ ഉപകാരപ്രദമായ ഒരു വ്യവസ്ഥ നടപ്പാക്കണം. അതിനു വേണ്ടിയുള്ള ഒരു സ്ത്രീം എടുത്തണം. അതിനാവശ്യമുള്ള സംഖ്യയും ഗവൺമെണ്ടു് അനുവദിക്കണം. അല്ലാ

LIBRARY ARCHIVES Kerala Legislative Assembly

തെ ബഹുമാനപ്പെട്ട മന്ത്രിക്ക അനുവദിച്ചിട്ടുള്ള സംഖ്യ മാത്രംകൊണ്ട് പ്ര യോജനമില്ലെന്നു വിശ്വസിക്കുന്ന ഒരാളാണു ഞാൻ. അതുകൊണ്ട് ഗവമ്മെ ണ്ടു് ഒന്നാമതായി ചെയ്യേണ്ടതു് ഗവമ്മെണ്ടും നിയമസഭയിലെ മാറംഗങ്ങ ളും കൂടി യോജിച്ചു് വില്ലേജുകളിലെ തൊഴിലാളികൾക്കും കർഷകന്മാക്കും എന്തെങ്കിലും തൊഴിൽ ലഭിക്കത്തക്കവിധത്തിൽ വ്യവസായികവും കാർഷിക വും ആയ ഒരു സ്കീം തയ്യാറാക്കി നടപ്പിൽ വരുത്തുകയാണെന്നുള്ളതാണു് എ ന്റെ വിനീതമായ അഭിപ്രായം. ധരിക്കുവാൻ വസ്ത്രവും കിടക്കുവാൻ വീടും കഴിക്കുവാൻ ആഹാരവും മനുഷ്യക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. ഈ സംഗതിയിൽ നമ്മുടെ തൊഴിലാളികളെസംബന്ധിച്ചിടത്തോളം നോക്കുകയാ ണെങ്കിൽ ഇന്നു ചില ഫാക്ടറികളിൽ ജോലിചെയ്യുവരുന്ന തൊഴിലാളികൾ ക്കു വേണ്ടി ഗവമ്മെണ്ടു ചില നിയമങ്ങളുണ്ടാക്കുകയും അതു നാട്ടിൽ നടപ്പാ ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവരുടെ സ്ഥിതി വളരെ ശോചനീയമാണു്. ആ നിയമങ്ങളെ മാത്രം വെച്ചുകൊണ്ടു് പട്ടണങ്ങളിലെ തൊഴിലാളികളുടെ പ്രവർത്തനം തുടർന്നുപോകുമെന്നു വിചാരിക്കുന്നപക്ഷം ഒരിക്കലും ഗവമ്മെണ്ടു വിചാരിക്കുന്ന ഗുണം ലഭിക്കുകയില്ലെന്നു് അവർക്കു മനസ്സിലായിക്കഴിഞ്ഞിട്ടു ണ്ടു്. ഇന്നത്തെ തൊഴിലാളികൾക്കു ലഭിക്കുന്ന പ്രതിഫലം എന്താണെന്നുള്ള തുകൂടി ഗവമ്മെണ്ടു് ആലോചിക്കണം. എനിക്കറിയാം ചില കമ്പനികളിൽ ര ണ. വരെ കൂലി കൊടുത്തുവരുന്നുണ്ടെന്നുള്ള സംഗതി. ഒരാൾ ന ഠ നാഴി ക നേരം പണിയെടുത്താൽ കിട്ടുന്നതു ര ണ.യാണു്. ഈ ര ണ. കിട്ടുവാനും അവരുടെ സമയവും സൌകര്യവും ഒക്കെ നോക്കണം. കൂടാതെ ഓവർടയിം വക്കിന്നു ചില പ്രത്യേകനിബന്ധനകൾ ഗവമ്മെണ്ടുനിയമത്തിൽ നിർദ്ദേശി ച്ചിട്ടുണ്ടു്. ഇന്നത്തെ ഫാക്ടറികളിൽ നടന്നുവരുന്ന നിലയെന്താണെന്നു് അന്വേഷിച്ചാലറിയാം അതിന്റെ സ്ഥിതി. ഓവർടയിം വക്കു് ചെയ്താൽ എ ന്തെങ്കിലും ഒരു ദിവസം ഒഴിവു കൊടുത്തുവിടുകയാണു് ഇപ്പോൾ ചെയ്തുവരുന്ന പതിവു്. എന്നാൽ ഗവമ്മെണ്ടിന്റെ ഇപ്പോഴത്തെ നിയമം മനസ്സിലാകാ ത്തതുകൊണ്ടു് ചില ഫാക്ടറികളിൽ അങ്ങിനെ ചെയ്തുവരുന്നുണ്ടെന്നല്ലാതെ അലസതകൊണ്ടോ മറ്റൊ ആണു് അങ്ങിനെ നടക്കുന്നതെന്നു ഞാൻ പറയു ന്നില്ല. ഈവിധത്തിൽ പല ഉപദ്രവങ്ങളും ഇന്നു് ഉണ്ടായിക്കൊണ്ടിരിക്കുന്നു ണ്ടു്. തൊഴിലാളികളിൽനിന്നും ഒരു വലിയ സംഖ്യ ഗവമ്മെണ്ടിനു ലഭിക്കു ന്നുണ്ടെന്നുള്ള സംഗതി ഗവമ്മെണ്ടു് ഇനിയും മനസ്സിലാക്കീട്ടില്ലെന്നാണു് എ നിക്കു തോന്നുന്നതു്. തൊഴിലാളികൾ നികുതി കൊടുക്കുന്നവരല്ലെന്നു ഒട്ടാ കെ നോക്കുമ്പോൾ മനസ്സിലാകുമെങ്കിലും ഈ കൊച്ചീരാജ്യത്തിലെ ഏതൊരു വലിയ നികുതിദായകനിൽനിന്നുപോലും ലഭിക്കാത്തതരത്തിലുള്ള അത്ര വ ലിയ സംഖ്യ തൊഴിലാളികളിൽനിന്നും ഗവമ്മെണ്ടിനു കിട്ടിക്കൊണ്ടിരിക്കു ന്നുണ്ടു്. ചില പട്ടണങ്ങളിൽ തൊഴിലാളികൾക്കു കൂടി നികുതി വെച്ചിട്ടുള്ള തായി കാണുന്നുണ്ടു്. മട്ടാഞ്ചേരി മുനിസിപ്പാലിറ്റി ബീഡിതെറുപ്പു തൊഴി ലാളികൾക്കു നികുതി ചുമത്തീട്ടുണ്ടു്. മട്ടാഞ്ചേരി മുനിസിപ്പാലിറ്റി ഒരു മു തലാളി മുനിസിപ്പാലിറ്റിയാണു് എന്നുള്ളതു് പരസ്യമായി അറിയുവാൻ ക ഴിഞ്ഞിട്ടുള്ള ഒരു സംഗതിയാണു്. പട്ടണങ്ങളിൽ താമസിച്ചുവരുന്ന സാധുക്ക ളായ തൊഴിലാളികൾക്കു് ഉപകാരപ്രദമായ ഒരു പരിഷ്കാരം ഗവമ്മെണ്ടും മുനിസിപ്പാലിറ്റിയും കൂടി യോജിച്ചു നടപ്പിൽ വരുത്തേണ്ടതാണെന്നുള്ള ഒരു ഉപക്ഷേപം ഞാൻ ഈ കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിക്കുകയും അതു ഈ സഭ പാസ്സാക്കുകയും ചെയ്തിരുന്നു. അതിന്റെ സ്ഥിതി എന്താണെന്നുള്ള തു് ഇനിയും ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും മട്ടാ ഞ്ചേരി മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണെ

LIBRARY ARCHIVES Kerala Legislative Assembly

ന്നു് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. സാധുക്കളുടെ കാര്യത്തിൽ ഇങ്ങിനെ പ്രവൃത്തിച്ചതുകൊണ്ടു മാത്രമല്ല ഞാൻ അതിനെ ഒരു മുതലാളി മുനിസിപ്പാലിറ്റി എന്നു പറഞ്ഞതു്. അവരുടെ പ്രവർത്തനങ്ങൾ ഓരോന്നും എടുത്തു പരിശോധിച്ചതിൽ അവരുടെ മുതലാളിത്വം ധാരാളമായി പ്രത്യക്ഷപ്പെട്ടുകാണുന്നുണ്ടു്. ഒരു ബീഡിത്തൊഴിലാളി ഒരു ദിവസം പ്രയത്നിച്ചാൽ കിട്ടുന്നതു് രൂ. ആണെന്നു് ഇതിനു മുമ്പു് ഇവിടെ ഇരുന്നിരുന്ന ബഹുമാനപ്പെട്ട എക്സ്പ്രസ്സ് മെമ്പർ പറഞ്ഞിട്ടുണ്ടു്. ഇങ്ങിനെ അഷ്ടപ്പെട്ടിണിയായി കഴിഞ്ഞുകൂടുന്നവർക്കു് ഒരു കൃപാ നികുതികൂടി ചുമത്തുന്നതു് ഏറ്റവും അന്യായമായ ഒരു പ്രവൃത്തിയാണെന്നു മാത്രമല്ല, സ്വയംഭരണസ്ഥാപനമായ മുനിസിപ്പാലിറ്റിക്കു കൊടുത്തിട്ടുള്ള അധികാരങ്ങളെ ദുരുപയോഗപ്പെടുത്തുകകൂടിയാണു്. ഈ വിഷയത്തെപ്പറ്റി ഞാൻ ഒരു ഉപക്ഷേപം അയച്ചിട്ടുള്ളതുകൊണ്ടു് കൂടുതലായി ഇപ്പോൾ ഒന്നും പറയുവാൻ വിചാരിക്കുന്നില്ല. മട്ടാഞ്ചേരി മുനിസിപ്പാലിറ്റിയിൽനിന്നും കുവപ്പാടം സ്കീം നടപ്പിൽ വരുത്താൻ പോകുന്നതായി കേട്ട അതിലേക്കു് ഗവർമ്മെണ്ടിൽനിന്നും ഏതാനും സംഖ്യ കടമായി കൊടുക്കുവാൻ പോകുന്നുണ്ടെന്നാണു് എന്റെ അറിവു്. എന്നാൽ അതു് വാസ്തവത്തിൽ എല്ലാവർക്കും പൊതുവെ ഉപകാരപ്രദമാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. കുവപ്പാടം എന്ന സ്ഥലം നികത്തി സാധുക്കളായ തൊഴിലാളികളുടെ രക്ഷക്കായി ആ സ്ഥലം വിനിയോഗിക്കുന്നതിനുവേണ്ടും അതു് അവർക്കായിട്ടു വിട്ടുകൊടുക്കണമെന്നു് എനിക്കപേക്ഷയുണ്ടു്. ഏറണാകുളം മുനിസിപ്പാലിറ്റിയിൽനിന്നും കൊതുകിനെ പിടിക്കുവാൻ വേണ്ടി ഇപ്പോൾ രൂ, ൦൦൦ ഉറുപ്പികയോളം ചിലവു ചെയ്യുവാൻ പോകുന്നതായി പത്രങ്ങളിൽ കണ്ടു. അങ്ങിനെ ചിലവിടുന്നതുകൊണ്ടുള്ള ഗുണം എന്താണെന്നു് ഇതേവരെ ആ മുനിസിപ്പാലിറ്റിക്കു പോലും മനസ്സിലായിട്ടില്ലെന്നുള്ളതു കഴിഞ്ഞ ഫെ-ാംന-യിലത്തെ ഒരു പ്രൊസീഡിംഗ്സ്കൊണ്ടു കാണാവുന്നതാണു്. ഈ പദ്ധതികൊണ്ടു യാതൊരു പ്രയോജനവും ഇല്ലെന്നു് ഒരു ചുമതലയുള്ള ഉദ്യോഗസ്ഥൻ ആ യോഗത്തിൽ പറയുകയുണ്ടായി. ഫ ഫ ഫ ർ മിഥുനം ഫെ-ാംന-കൂടിയ ടി മുനിസിപ്പാൽ കൌൺസിലിൽ വെച്ചു് ഇതിനെസംബന്ധിച്ചു് ഒരു മെമ്പർ ചോദിച്ചപ്പോൾ ഇതു പ്രായോഗികമല്ലെന്നു മറുപടി പറയുകയുണ്ടായി. കൊതുകിനെ പിടിക്കുന്നതിനെ സംബന്ധിച്ചു് മുനിസിപ്പാലിറ്റിയിൽനിന്നും അവർ ഉപയോഗിച്ചിട്ടുള്ള പദ്ധതിതന്നെ ഞാൻ ഇവിടെ വായിക്കാം. "ചിരട്ട, ചട്ടി മുതലായതുകളിൽ കെട്ടിനില്ക്കുന്ന വെള്ളം കളയുക." അതാണു് അവരുടെ കൊതുകുസംഹാരവേല. ഇങ്ങിനെ മുനിസിപ്പാലിറ്റിക്കുപോലും വിശ്വാസമില്ലാത്ത ഒരു പദ്ധതിക്കു വേണ്ടി ഇത്രവളരെ സംഖ്യ ചിലവു ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതു ബുദ്ധിപൂർവ്വമായിട്ടുള്ളതാണു് എന്നു സമ്മതിക്കുന്നതല്ല. ആ ഇനത്തിലേക്കു വച്ചിട്ടുള്ള രൂ, ൦൦൦ ഉറുപ്പിക ആ ഇനത്തിൽനിന്നു മാറ്റി എന്റെ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളപോലെ സാധുക്കളായ തൊഴിലാളികൾക്കു വേണ്ടി പട്ടണങ്ങളുടെ പല ഭാഗങ്ങളിലായി നാലോ അഞ്ചോ ഏക്കർ സ്ഥലം വില കൊടുത്തു വാങ്ങിക്കൊടുക്കണമെന്നാണു് എന്റെ അപേക്ഷ. ഈ സഭയിലെ മറ്റു മെമ്പർമാരും ഇതിനോടു യോജിക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്. ഈ സംഗതി ഇനിയും നീട്ടിക്കൊണ്ടുപോകുവാൻ പാടില്ലാത്തതാണെന്നു മാത്രം പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

[At this stage no other member was seen to rise up.

Mr. Deputy President: If no member wishes to speak, the House will have to rise for the day.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: മിസ്റ്റർ പ്രസിഡൻറ്, സർ, നിയമസഭയുടെ സ്വീകരണത്തിനു സമർപ്പിച്ചിട്ടുള്ള ബഡ്ജറിനെക്കുറിച്ചു പലേ വിമർശനങ്ങളും ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ചെയ്യുകയുണ്ടായി. അതിനു ഗവൺമെൻറിനേയും ഗവൺമെൻറുദ്യോഗസ്ഥന്മാരേയും പ്രത്യേകിച്ചു ഫിനാൻസ് മെമ്പറേയും അവരുടെ സാമ്പത്തികപ്രശ്നപാടവത്തെ അഭിനന്ദിച്ചുകൊണ്ടു മംഗളപത്രമുപേണയുള്ള പല പ്രസംഗങ്ങളും ഇവിടെ നടന്നു. പക്ഷെ മംഗളപത്രം അർഹിക്കുന്നവർ ആ അഭിനന്ദനങ്ങൾ സ്വീകരിച്ചുകൊള്ളട്ടെ. മുൻകാലങ്ങളിലെ ബഡ്ജറിനെ അപേക്ഷിച്ചു ചില നിസ്സാരമായ ഭേദഗതികൾ ഇക്കൊല്ലത്തെ ബഡ്ജറിൽ വരുത്തീട്ടുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. ഒരു ഗ്രാമോദ്ധാരണ വകുപ്പിൻറെ ആവിഷ്കരണംകൊണ്ടു കൊച്ചി ഗവൺമെൻറിൻറെ ചില വകുപ്പുകൾ നിയമസഭയോടു് ഉത്തരവാദിത്വം വഹിക്കുന്ന ഒരു മന്ത്രിയുടെ കീഴിലേക്കു മാറപ്പെട്ടതുകൊണ്ടു ഗ്രാമോദ്ധാരണപരമായ സംഗതികളിലേക്കു ഗവൺമെൻറിൽനിന്നും കൂടുതലധികം പണം വ്യയംചെയ്യേണ്ട ആവശ്യം നേരിട്ടിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടു ഗ്രാമോദ്ധാരണപരമായ സംഗതികളിലേക്കു കുറെ സംഖ്യ നീക്കിവെച്ചിരിക്കുന്നതിൽ ഗവൺമെൻറു കാണിച്ചിട്ടുള്ള ഔചിത്യബോധത്തെ ഞാനും അഭിനന്ദിച്ചുകൊള്ളുന്നു. പക്ഷെ എനിക്കു് ഈ നിയമസഭയുടെ ആലോചനയിൽപെടുത്തുവാനുള്ള ഒരു സംഗതി ഗവൺമെൻറു് നയസംബന്ധമായ യാതൊരു വ്യത്യാസവും ഈ ബഡ്ജറുരൂപീകരണകാര്യത്തിൽ ഉണ്ടാക്കീട്ടില്ലെന്നുള്ളതാണു്. ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ ലഘൂകരിക്കണമെന്നു കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽവെച്ചു് ഒരു ഉപക്ഷോപം പാസാക്കുകയും, അതിനെപ്പറ്റി ന്യായമായ യാതൊരു കാരണവും പറയാതെ, ഞങ്ങൾക്കു ന്യായമാണെന്നു തോന്നുന്ന യാതൊരു കാരണവും പറയാതെ തള്ളിക്കളയുകയുമാണു ചെയ്തിട്ടുള്ളതു്. അതുപോലെതന്നെ ഉത്തരവാദിത്വഭരണം സിദ്ധിച്ചതായി പറയപ്പെടുന്ന ഒരു കാലഘട്ടത്തിൽ കഴിഞ്ഞ ഒരു കൊല്ലത്തെ നിയമസഭാ പ്രൊസീഡിംഗ്സ് വായിച്ചുനോക്കുന്നപക്ഷം ഈ നിയമസഭ വലിയ ഭൂരിപക്ഷത്തോടെ പാസാക്കീട്ടുള്ള പല അഭ്യർത്ഥനകളും ഗവൺമെൻറു നിരസിച്ചിട്ടുള്ളതായി കാണുവാൻ സാധിക്കും. കൊച്ചീരാജ്യത്തു ഭരണപരിഷ്കാരസംബന്ധമായ വിളംബരം ഉണ്ടായ കാലത്തു് അതിനെ സംബന്ധിച്ചു ദിവാൻ പ്രസിഡൻറ് അവർകളും ഇവിടെയും മദിരാശിയിൽവെച്ചും ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽ ഒരു സംഗതി വിശദമാക്കീട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു. ഈ നിയമസഭയുടെ അഭ്യർത്ഥനകൾക്കും ഈ നിയമസഭയുടെ കല്പനകൾക്കും വിധേയമായി ഭരണകാര്യങ്ങളിൽ പ്രവൃത്തിക്കുന്നതാണെന്നു് അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു. എന്നാൽ കഴിഞ്ഞ നിയമസഭയിലെ പ്രവർത്തനങ്ങളെക്കൊണ്ടും നടപടികളെക്കൊണ്ടും ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള നയത്തെക്കുറിച്ചാലോചിക്കുമ്പോൾ ആ വാഗ്ദാനത്തെ ഗവൺമെൻറു നിറവേറ്റീട്ടില്ലെന്നു സവ്യസനം പറയേണ്ടതായിട്ടാണിരിക്കുന്നതു്. എനിക്കു് ഗവൺമെൻറിൻറെ മൈനർഇറിഗേഷൻകാര്യങ്ങളെ സംബന്ധിച്ചും പ്രത്യേക ഡിപ്പാർട്ട്മെൻറുകളുടെ ഭരണകാര്യങ്ങളെ സംബന്ധിച്ചും അധികം സംസാരിക്കുവാനില്ല.

ദിവാൻ പ്രസിഡൻറവർകൾ ഈ സമ്മേളനത്തിൻറെ ഉൽഘാടനം നിർവ്വഹിച്ചുകൊണ്ടുചെയ്ത പ്രസംഗത്തിൽ ഇവിടെ മർർത്തനപരങ്ങളായ നിയമങ്ങളൊന്നും ഇല്ലെന്നു പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നു. വാസ്തവത്തിൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു ക്രിമിനൽ നിയമത്തിലോ സിവിൽ നിയമത്തി

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ലൊ മർദ്ദനപരങ്ങളായി യാതൊന്നും ഇല്ലെന്നു ഞാനും സമ്മതിക്കുന്നു. പക്ഷെ ഈ നിയമസഭ പലവിധത്തിലും പ്രതിഷേധിച്ചിട്ടുള്ളതും ഇവിടത്തെ സ്റ്റാറ്റ്യൂട്ട് ബുക്കിൽ സ്ഥലം പിടിച്ചിട്ടുള്ളതും ആയ വർത്തമാനപത്ര ആക്ഷേപത്തെക്കുറിച്ചു ഗവൺമെൻറ് എന്താണു പറയുന്നതെന്നാണു ഞാൻ ചോദിക്കുന്നതു്. കൊച്ചീരാജ്യത്തിൽ ഇത്രത്തോളം രാഷ്ട്രീയചൈതന്യരാഹിത്യമുണ്ടാക്കീട്ടുള്ള ഒരു നിയമനിർമ്മാണം ഉണ്ടെങ്കിൽ അതു് ഇവിടത്തെ പത്രനിയമമാണെന്നു നിരാക്ഷേപമായി പറയാവുന്നതാണു്. ഇങ്ങിനെ ഒരു പത്രനിയമം നടപ്പിലായതുമൂലം ഇവിടെ ഒരു ശരിയായ പൊതുജനാഭിപ്രായമുണ്ടാക്കുന്നതിനു പൊതുജനപ്രവർത്തകന്മാക്കു സാധിച്ചിട്ടില്ല. ഇവിടെ നടക്കുന്ന പത്രപ്രവർത്തനം ഏറ്റവും നീചമായ വിധത്തിലും ഒരു രാജ്യത്തിൻെറ അഭിമാനത്തെ കെടുത്തുന്ന വിധത്തിലും ആണെന്നു പറയുവാൻ ഒരു കൊച്ചീക്കാരൻ എന്ന നിലയിൽ എനിക്കു ലജ്ജ തോന്നുന്നുണ്ടു്. വാസ്തവത്തിൽ കൊച്ചിയിലെ പത്രനിയമംകൊണ്ടു് ഈ രാഷ്ട്രീയബോധത്തെ വധിക്കുകയും, ഈ രാജ്യത്തെ രാഷ്ട്രീയബോധത്തിനു വികാസമില്ലാത്ത നിലയിലുള്ള ചരിതസ്ഥിതി സൃഷ്ടിക്കുകയുമാണു ചെയ്തിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. പത്രനിയമത്തിൻെറ മറവിൽനിന്നുകൊണ്ടു് അതിൻെറ മർദ്ദനം സഹിക്കുവാൻ കെല്പില്ലാത്ത ഇവിടത്തെ രാഷ്ട്രീയബോധം ഇന്നു സുബുദ്ധമായിരിക്കുന്നു. വെറും സ്തുതിഗീതങ്ങളുണ്ടാക്കിയുണ്ടു ഗവൺമെൻറിനെ പ്രീണിപ്പിക്കുന്നതാണു് ഇവിടത്തെ പൊതുജനാഭിപ്രായം എന്നു ധരിക്കുന്നതിനു പറ്റിയ ഒരു ഭയങ്കരമായ സ്ഥിതിഗതിയാണു് ഈ രാജ്യത്തു നിലവിലുള്ളതു്. ഉത്തരവാദിതപ്രഭരണം ഒരു രാജ്യത്തു വരണമെന്നുണ്ടെങ്കിൽ ശരിയായ പൊതുജനാഭിപ്രായം രൂപീകരിക്കുവാനുള്ള സൌകര്യമുണ്ടായിരിക്കണം. ഇവിടെ നടക്കുന്നതു ശരിയായ ഉത്തരവാദിതപ്രഭരണമാണെന്നുണ്ടെങ്കിൽ തീർച്ചയായും ഒരു മർദ്ദനപരമായ പത്രനിയമം, പൊതുജനാഭിപ്രായത്തെ ഏറ്റവും ശക്തിയായി തടയുന്ന വിധത്തിലുള്ള ഒരു പത്രനിയമം ഇവിടത്തെ സ്റ്റാറ്റ്യൂട്ട് ബുക്കിൽ ഒരിക്കലും സ്ഥലം പിടിച്ചുകിടക്കുവാൻ പാടില്ലാത്തതാണു്. അതുകൊണ്ടു കൊച്ചിയിൽ ഉത്തരവാദിതപ്രഭരണം വേണമെന്നു വിചാരിക്കുന്നവർ ഈ പത്രനിയമത്തെ ഇല്ലാതാക്കുന്നതിനു ശ്രമിക്കാതെ ഇവിടെ ശരിയായ പരിഷ്കാരമുണ്ടെന്നും നിയമവ്യവസ്ഥകളുണ്ടെന്നും വിചാരിക്കുന്നതു വെറും മൌഢ്യമാണെന്നു ഞങ്ങൾ ധരിച്ചിരിക്കുന്നതു ഗവൺമെൻറുപക്ഷത്തിലുള്ള ആളുകളും അറിയണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഈ രാജ്യത്തിൽനിന്നു് ഒരു രാജകീയവിളംബരംമൂലം അയിത്തത്തെ ഇല്ലാതാക്കണമെന്നു് ഒരു ഉപക്ഷേപം മുഖേന ഈ നിയമസഭ ഗവൺമെൻറിനോടു് അഭ്യർത്ഥിച്ചിരുന്നു. ഈ നിയമസഭ കൂടുന്നതിനുമുമ്പു് അതായതു്, കഴിഞ്ഞ പല നിയമസഭായോഗങ്ങളിലും പ്രമേയങ്ങൾമൂലവും മറ്റുവിധത്തിലും ഈ രാജ്യത്തിലെ ജനങ്ങളുടെ അഭിലാഷങ്ങളെ രേഖപ്പെടുത്തീട്ടുണ്ടു്. അതിനനുകൂലമായ യാതൊരു പ്രവൃത്തികളും ഇതുവരെ ഗവൺമെൻറു ചെയ്തിട്ടില്ലാത്തതു് ഈ രാജ്യത്തിനു് ഒരു തീരാക്കളങ്കമാണെന്നു ഗവൺമെൻറു് അറിയേണ്ടതാണു്.

സമുദായപ്രാതിനിധ്യവിഷയത്തിൽ പല അഭിപ്രായവ്യത്യാസങ്ങളും നടന്നുകൊണ്ടിരുന്ന കാലത്തു ദിവാൻ പ്രസിഡൻറു് അവർകളുടെ പ്രസംഗത്തിൽ സമുദായതാല്പര്യങ്ങളെക്കുറിച്ചും സമുദായപ്രാതിനിധ്യകാര്യത്തിലുള്ള പ്രസിഡൻറവർകളുടെ നയത്തെക്കുറിച്ചും ശരിയായ വിശദീകരണം കൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിട്ടുള്ളതു് ഈ രാജ്യത്തെ ന്യൂനപക്ഷസമുദായങ്ങൾക്കും അവശസമുദായങ്ങൾക്കും ഏറ്റവും ആശ്വാസപ്രദമാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ കഴിഞ്ഞ കുറെ കൊല്ലങ്ങളായി ഇവിടെ നടത്തിട്ടുള്ള നിയമനങ്ങൾ നോക്കുന്ന പക്ഷം ശരിയായ ഒരു പ്രതിനിധാനം നടപ്പിൽവരുത്തുന്നതിനു ഗവൺമെൻറു് എത്ര മാത്രം പരിശ്രമിച്ചിട്ടുണ്ടെന്നു് അവർതന്നെ ഒരു ആത്മപരിശോധന ചെയ്തു നോക്കേണ്ടതാണെന്നാണു ഞാൻ പറയുന്നതു്. ഏതായാലും സമുദായപ്രാതിനിധ്യത്തിന്റെ ശരിയായും പൂർണ്ണമായുമുള്ള ആനുകൂല്യം കൊച്ചി ഗവൺമെൻറു കൊടുത്തിട്ടുണ്ടെന്നു കാണുന്നതു് ആശ്വാസപ്രദമാണു്. ഈ രാജ്യത്തെ ഗവൺമെൻറിന്റെ ഭരണകാര്യത്തിൽ ചില വലിയ സമുദായങ്ങളെല്ലാം മുന്നോട്ടു തള്ളപ്പെട്ടുകിടക്കുകയാണെന്നുള്ള സംഗതി ഒരിക്കലും വിസ്മരിക്കുവാൻ പാടില്ലാത്തതാണു്. ആ സമുദായങ്ങളെല്ലാം ഇവിടത്തെ ഭരണകൂടത്തെ സ്വായത്തമാക്കിവെച്ചിരിക്കുകയാണു". കൊച്ചിൻ സ്റ്റേറിനെ ഒരു ലിമിറഡ് കമ്പനിയോടു് ഉപമിക്കാമെങ്കിൽ ആ മാതിരി മാനേജ്മെൻറുകളെപ്പോലെയുള്ള മിക്ക സമുദായങ്ങളേയും വിശ്വസനീയമായ ഒരു നിലയാണു് ഇവിടെ കാണുന്നതു്. അതിനൊരു മാറ്റം വരുത്തത്തക്കവിധത്തിൽ പബ്ലിക്ക് സർവ്വീസ്സിൽ അവകാശം അനുവദിച്ചുകൊടുക്കുന്ന ഒരു വ്യവസ്ഥ ഉണ്ടാകേണ്ടതു് അത്യന്താപേക്ഷിതമാണു്. വെറും നയപ്രഖ്യാപനം കൊണ്ടു് ഞങ്ങൾ ഒരിക്കലും അടങ്ങിയിരിക്കുകയില്ല. ഇതുപോലുള്ള നയപ്രഖ്യാപനങ്ങൾ ഇതിനു മുമ്പും ഇവിടെ ഉണ്ടായിട്ടുണ്ടു്. അതു നടപ്പിൽവരുത്തുവാൻ ഗവൺമെൻറു പരിശ്രമിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. കഴിഞ്ഞ ഒരു വർഷകാലത്തെ ഉത്തരവാദിത്വഭരണത്തിന്റെ പ്രവർത്തനംകൊണ്ടു നമ്മുടെ രാജ്യത്തു് എന്തെല്ലാം പുരോഗതികൾ വരുത്തുവാൻ സാധിച്ചിട്ടുണ്ടെന്നും മന്ത്രിപദം കയ്യേറിട്ടുള്ള അവരുടെ പ്രാപ്യസ്ഥാനത്തിലേക്കു് എത്രമാത്രം പോയിട്ടുണ്ടെന്നും ആലോചിക്കുന്നതു് ഈ അവസരത്തിൽ അനൌചിത്യമായിരിക്കുമെന്നാണു ഞാൻ വിചാരിക്കുന്നതു്. നമ്മുടെ രാജ്യത്തിലെ രാഷ്ട്രീയ കക്ഷികൾ ഒരു സംഗതി പ്രത്യേകം ഓർമ്മവെക്കേണ്ടതു് അവർ ഭരണഭാരം കയ്യേല്ക്കുന്നതു വെറുതെ ഡിപ്പാർട്ട്മെൻറു നടത്തുവാൻ മാത്രമല്ല എന്നുള്ളതാണു്. ഇവിടത്തെ രാഷ്ട്രീയ കക്ഷികളെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണമായ ഉത്തരവാദിത്വഭരണത്തിനുവേണ്ടി അവർ നിർബ്ബന്ധരായിട്ടുള്ളവരാണെന്നു ഞാൻ കാണുന്നുണ്ടു്. ഇങ്ങിനെയുള്ള അവസരത്തിൽ ഇപ്പോൾ മന്ത്രിപദം കയ്യേറിട്ടുള്ള കക്ഷി പരിപൂർണ്ണമായ ഉത്തരവാദിത്വഭരണത്തിലേക്കു് ജനങ്ങളെ പ്രയോണംചെയ്യിക്കുന്നതിനു് എത്രമാത്രം പരിശ്രമിച്ചിട്ടുണ്ടെന്നു നോക്കുമ്പോൾ വാസ്തവത്തിൽ ഈ കാര്യത്തിൽ വലിയ പരാജയമാണു് അവർക്കു പറ്റിയിട്ടുള്ളതെന്നു പറയാതെ നിവൃത്തിയില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മറേറ കക്ഷി എന്തുചെയ്തു?

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: കൊച്ചിയിലെ രണ്ടു രാഷ്ട്രീയ കക്ഷികളുടേയും നിയമാവലികളിലും ഗവൺമെൻറിന്റെ ശമ്പളത്തോതിൽ വലിയ കുറവുകൾ വരുത്തണമെന്നു് അവർ നിബന്ധന ചെയ്തിട്ടുള്ളതായി കാണാം. ഇവിടെയുണ്ടായിട്ടുള്ള പ്രമേയങ്ങളെ ഗവൺമെൻറു നിഷ്ക്രിയമായി തള്ളുന്ന അവസരത്തിൽ ഇങ്ങിനെയുള്ള ഭരണഭാരം കയ്യേറിട്ടുള്ള രാഷ്ട്രീയ കക്ഷികൾ ശരിയായി ഗവൺമെൻറിനോടു് അക്കാര്യത്തിൽ സമാധാനം ചോദിക്കുന്നതിനു് അവകാശമുണ്ടെന്നാണു് എനിക്കു പറവാനുള്ളതു്.

Mr. M. K. Devassy *(Adur)*: Under which constitution is it?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ; കൊച്ചിൻ ഗവൺമെൻറിന്റെ ശമ്പളക്കുറവു യഥാർത്ഥമായ ഒരു പരിപാടിയായി രണ്ടു കക്ഷികളും സ്വീകരിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഭരണഭാരം കയ്യേറിട്ടുള്ള കക്ഷിക്കു് അവരുടെ പ്രവർത്തനപരിപാടിയെ ശരിയായ വിധത്തിൽ മുന്നോട്ടു കൊണ്ടുപോകുവാനുള്ള സന്മനസ്സുണ്ടെങ്കിൽ ഗവൺമെൻറിനോടു് അവരുടെ അഭിപ്രായങ്ങൾ ചോദിക്കുവാൻ അവകാശമുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. പൊതുജനാഭിപ്രായത്തെ മാനിക്കാതെ ഗവൺമെൻറു ചെയ്യുന്ന കാര്യങ്ങളിലും മന്ത്രിപദം കയ്യേറിട്ടുള്ള കക്ഷിക്കു വലിയ ചുമതലയുണ്ടു്. പരിപൂർണ്ണമായ ഉത്തരവാദിത്വഭരണത്തിലേക്കു രാജ്യത്തെ നയിക്കേണ്ട ചുമതല അവർ ഇനിയെങ്കിലും വഹിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്സിസ്സ് സി. ആർ. ഇയ്യുണ്ണി: മിസ്റ്റർ പ്രസിഡണ്ടു്, സർ, അഞ്ചിൽ ചിലപാനം ലക്ഷം ഉറുപ്പിക ലാഭംകൊള്ളിച്ചിട്ടുള്ള ഒരു ബഡ്ജറാണു് അവതരിപ്പിക്കുന്നതിൽ ഗവൺമെണ്ടു് പ്രശംസിച്ചുകാണുന്ന കൃതാർത്ഥതയിൽ ഞാൻ അത്ഭുതപ്പെടുകയും, രാജ്യഭരണതന്ത്രം വശമില്ലാത്ത ഒരു കച്ചവടമാണെന്ന ബഡ്ജറിന്റെ കർത്താക്കൾ തെറ്റിദ്ധരിച്ചിട്ടുണ്ടോ എന്നു സംശയിക്കുകയും ചെയ്യുന്നു. ബഡ്ജറാണു് ഒരു ലാഭോദ്ദേശപട്ടികതന്നെയാണെന്നു ഞാനംഗീകരിക്കാം. പക്ഷെ അതിൽ കൊള്ളിക്കേണ്ട ആദായവും ലാഭവും പണമായിട്ടല്ല, ജനാവലിയുടെ ക്ഷേമത്തിന്റെ മാനദണ്ഡമായിട്ടാണു് വേണ്ടതെന്നു മാത്രമെ വാദിക്കുന്നുള്ളു. കൊച്ചി സംസ്ഥാനത്തിലെ ഭരണകാര്യങ്ങളിൽ, പരിപൂർണ്ണവും അധികാരസംപുഷ്ടവുമായനിയന്ത്രണശക്തി ഈ നിയമസഭക്കില്ലാത്തിടത്തോളംകാലം, ഇതുപോലെയുള്ള ബഡ്ജറും നിരുപണനാടകങ്ങളിൽ വലിയ കാപ്പോന്നുമില്ലെന്നു തുറന്നു പറയാതെ നിവൃത്തിയില്ല. എങ്കിലും, ഇത്തരം നിരുപണങ്ങൾകൊണ്ടു ഈ ബഡ്ജറിലെ ഓരോ അക്ഷരവും, ഇതിൽ ചേർത്തിട്ടുള്ള ഓരോ തുകയും, ഇതിനെപ്പറ്റി പറയുന്ന ഓരോ അഭിപ്രായവും പൊതുജനക്ഷേമം പരിലക്ഷിക്കുന്നതിലുള്ള ഗവൺമെണ്ടിന്റെ ഉദ്യമത്തിൽ ഉണ്ടാകാവുന്ന അബദ്ധസംഭവങ്ങളെ പരിശോധിച്ചു്, ആത്മശോധനചെയ്യാൻ ഗവൺമെണ്ടിനോടുള്ള ഉൽബോധനങ്ങളാണെന്നു ഗവൺമെണ്ടിനെ ധരിപ്പിക്കുവാൻ സാധിക്കുമെങ്കിൽ അതു വലിയ ഒരു വിജയമായി ഞങ്ങൾ കരുതുന്നതാണു്.

ഭാരതത്തിലെ അനേകം ൽചിലപാനം നാട്ടുരാജ്യങ്ങളുടെ ചരിത്രത്തിൽ ഉത്തരവാദിത്വഭരണത്തിന്റെ നിഴലെങ്കിലും ആദ്യമായി സ്വീകരിച്ചതായി അഭിമാനംകൊള്ളുന്ന കൊച്ചി രാജ്യത്തിന്റെ നല്ലപേരിനെ ലജ്ജാവഹമായ പുരുമാർഗ്ഗ നിയമം കളങ്കപ്പെടുത്തുന്നുണ്ടെന്നു പ്രസ്താവിക്കാതെ നിവൃത്തിയില്ല. അഭിപ്രായസ്വാതന്ത്ര്യത്തെ തടയുന്നതിനുള്ള നിയമങ്ങളുടെ ആവശ്യം പരിഷ്കൃതഭരണരീതിന്റെ ഇരിപ്പിടമെന്നു പേരുകേട്ട കൊച്ചിരാജ്യത്തിലില്ലാ പൊതുജനാഭിപ്രായത്തെ വീർപ്പുമുട്ടിച്ചു ദുർഭരണം തുടർന്നുകൊണ്ടുപോകുന്നുമെന്നാഗ്രഹിക്കുന്ന മറുവല്ല സ്ഥലങ്ങളുമുണ്ടെങ്കിൽ അവിടെയാണു് അതിനുള്ള സ്ഥാനമെന്നു് ഇനിയെങ്കിലും ഗവൺമെണ്ടു മനസ്സിലാക്കിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

കൊച്ചിയിലെ സാമാന്യഭരണത്തിന്റെ ചില ഭാഗങ്ങൾ അനുമോദനത്തിനും, ചിലതു് ആക്ഷേപത്തിനും കാരണമായിട്ടുണ്ടെന്നു പറയുന്നതു് ഏറെക്കുറെ ശരിയായിരിക്കും. സിക്രട്ടറിയേറ്റ് പരിഷ്കരണവും ഗ്രാമോ

LIBRARY ARCHIVES Kerala Legislative Assembly

ഭാരണമന്ത്രിയുടെ നിയമനവും പൊതുജനങ്ങൾ പരക്കെ ഇഷ്ടപ്പെട്ടന്ന മാറ്റ ങ്ങളാണെന്ന സന്തോഷപൂർവ്വം ഞാൻ സമ്മതിച്ചുകൊള്ളുന്നു. എന്നാൽ പ ഞ്ചായത്തുകൾക്കയക്കുന്ന ഗസറ്റുകളിൽപോലും പിശുക്കുപിടിച്ചും, സ്കോളർ ഷിപ്പു ലഭിക്കുന്ന വിദ്യാർത്ഥികളുടെ കഴുത്തിൽ പിടിച്ചും, നിയമസഭാംഗ ങ്ങൾക്കു തങ്ങളുടെ കൃത്യനിർവ്വഹണത്തിന്നു് അത്യന്താപേക്ഷിതമെന്നു് ആതും സമ്മതിക്കുന്നതും, ഗവൺമെണ്ടു പ്രസ്സിൽ ചിലവില്ലാതെ സ്ഥലം മിനക്കെടുത്തു ന്നതുമായ പുസ്തകങ്ങൾ നല്കുവാൻപോലും ചിലവു് അധികമുണ്ടെന്ന ഒഴിവുദിവ ചെയ്യും ലാഭമുണ്ടാക്കുന്ന ഗവൺമെണ്ടു്, മലിരാശി ഗവൺമെണ്ടിനെപോലു ള്ള പരിഷ്കൃത ഗവൺമെണ്ടുകൾ ശമ്പളത്തിൽ വെട്ടിക്കുറവു സ്വീകരിച്ചിട്ട സ ക്കാരുദ്യോഗസ്ഥന്മാരുടെ വമ്പിച്ച ശമ്പളത്തോതിൽ അണുപോലും കുറഞ്ഞുകു ടെന്ന ശ്വാസം നിറുത്താതെ വാദിക്കുന്നതു കാണുമ്പോൾ, മിതവ്യയത്തിന്റെ മാനദണ്ഡം നേർവഴിക്കല്ല പോകുന്നതെന്നു സംശയിക്കുവാൻ തുടയ്കുന്നുവെ ന്നു മാത്രമേയുള്ളൂ. തൊഴിലില്ലാതേയും, കൂലിയില്ലാതേയും, പട്ടിണിയും അല്പപട്ടിണിയും കിടക്കുന്ന വമ്പിച്ച ഒരു ജനവിഭാഗത്തിന്റെ നാമത്തിലാ ണു് ഈ തുച്ഛങ്ങളായ ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടതെന്നു അധികൃതന്മാർ മനസ്സിലാക്കുവാൻ ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഈ ബഡ്ജറ്റിൽ ഒരു ലക്ഷത്തോളം ഉറുപ്പിക ഗ്രാമോദ്ധാരണത്തിനായി നീക്കിവച്ചിരിക്കുന്നതിന്നു ഞാൻ ഗവൺമെണ്ടിനോടു നന്ദിപറയുന്നു. ഈ സംഖ്യയെ ഏറ്റവും ഉപകാരപ്രദമായ രൂപത്തിൽ വിനിയോഗിക്കുവാൻ ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണ മന്ത്രി പരിശ്രമിക്കുമെന്നു് എനിക്കു പൂർണ്ണവി ശ്വാസമുണ്ടു്. ഇന്നത്തെ കടിൽ വ്യവസായങ്ങളുടെ യഥാർത്ഥമായ വിജയം ഭാരതത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തെയാണു് ആശ്രയിച്ചിരിക്കുന്ന തെങ്കിലും, ക്രമപ്രവൃദ്ധമായ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയുകൊണ്ടും, സാധനങ്ങൾക്കു മാർക്കറ്റു ഉണ്ടാക്കി കൊടുക്കുന്നതിനുള്ള ശ്രമംകൊണ്ടും കുറെ യെല്ലാം ഇവയെ സഹായിക്കുവാൻ ഗവൺമെണ്ടിന്നു സാധിക്കുന്നതാണു്. പക്ഷെ, നാട്ടിലെ സാധനങ്ങൾ വാങ്ങുവാൻ മറ്റുള്ളവരെ ഉപദേശിക്കുന്നതിന്നു മുമ്പു ഗവൺമെണ്ടു തന്നെ അതിന്നു് ആവശ്യമുള്ളതും ഗവൺമെണ്ടുദ്യോഗസ്ഥ ന്മാർക്കു് ആവശ്യമുള്ളതുമായ സാധനങ്ങൾ കഴിയുന്നതും കൊച്ചി സംസ്ഥാന ത്തിലെ കരകൌശലശാലകളിൽ നിന്നും വാങ്ങി ഉത്തമമായ ഒരു ദൃഷ്ടാന്തം കാണിച്ചുകൊടുക്കുന്നതു് ആശാസ്യമായിരിക്കും. ഈ തിന്നു ഗവൺമെണ്ടു യത്നി ക്കുമെന്നു സമാധാനപ്പെടുകയും ചെയ്തുകൊള്ളുന്നു. ഗ്രാമോദ്ധാരണത്തിന്റെ ഏറ്റവും പ്രധാനമായ ഒരു ഭാഗമാണു" ആരോഗ്യപാലനം. കൊച്ചിയിലെ ആയുർവ്വേദാസ്പത്രികളോടു", അലോപ്പതി മേലധ്യക്ഷന്മാർക്കു കുറച്ചൊരു പരിജ്ഞാ വമുണ്ടോയെന്ന സംശയിക്കേണ്ടവിധത്തിലുള്ള ഒരു ചിറ്റമ്മ നയമാണു് ആയുർവ്വേദ ഡിപ്പാർട്ട്മെൻറിനോടു കണ്ടിട്ടുള്ളതു". ഒന്നുകിൽ ആയുർവ്വേദ ഡി പ്പാർട്ട്മെൻറ നിറുത്തണം. അല്ലെങ്കിൽ നല്ലവണ്ണം നടത്തണം. ഇതാണു് എനിക്കു ഇതിനെപ്പറ്റി പറയുവാനുള്ളതു". തുശ്ശിവപേരൂർ ആയുർവ്വേദാസ്പ ത്രിപോലുള്ള ഒരു സ്ഥലത്തു് ഇനിയും വേണ്ടിടത്തോളം രോഗികൾക്കു കിടക്കുവാൻ സൌകര്യങ്ങളില്ലെന്നറിയുന്നതും ദിനംപ്രതി മരുന്നുവാങ്ങുവാൻ പല സ്ഥലങ്ങളിൽ നിന്നും വന്നുചേരുന്ന രോഗികൾക്കെല്ലാം ര, മണി ക്കൂറു താമസിച്ചാലും മരുന്നു ലഭിക്കുന്നില്ലെന്നുള്ളതും ഒരു ഗവൺമെണ്ടിന്നു് ഒരു വിധത്തിലും ഭൂഷണമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ വസ്തുത ഗവ ൺമെണ്ടിന്റെ ശ്രദ്ധയിൽപെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടു".

ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിന്നുമുമ്പു്, ഞാൻ പ്രതി നിധീകരിക്കുന്ന വനിതാവർഗ്ഗത്തിന്റെ സ്ഥിതിയെപ്പറ്റി രണ്ടുവാക്കു പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളട്ടെ. കൊച്ചിയിലെ സ്ത്രീകൾ സാംസ്കാരപരമായി ഭാരതത്തിലെ മറേതുഭാഗത്തെ സ്ത്രീകളേയുംഅപേക്ഷിച്ച് ഒട്ടും പിന്നോക്കമല്ലെന്നു ഞാൻ അഭിമാനപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ. 'എന്നാൽ നാം സ്ത്രീ സ്വാതന്ത്ര്യമർഹതന്നെ'!! എന്ന മുദ്രാവാക്യത്തെ ദീർഘകാലത്തേക്കു, ശിരസ്സാവഹിച്ചുകൊണ്ടിരുന്ന ഒരു രാജ്യത്തിൽ സ്ത്രീകളുടെ അവശതകൾക്കുപരിപൂർണ്ണമായപരിഹാരം ലഭിച്ചിട്ടില്ലെങ്കിൽ,അതു പുരുഷന്മാരുടെ മനഃപൂർവ്വമായ തടസ്ഥംകൊണ്ടാണെന്നു ഞാൻ ഒരു നിമിഷംപോലും വാദിക്കുന്നില്ല. പക്ഷെ സ്വാഭാവികമായ കാര്യഗതികൊണ്ടായാലും അല്ലെങ്കിലും, അവശതകളിൽഅണ്ടുകിടക്കുന്ന ഞങ്ങൾക്കു ഇനിയെങ്കിലും ഒരു പരിഹാരം തേടാതിരിക്കാൻ നിവൃത്തിയില്ലെന്നുള്ള വിവരം ഗവർമ്മെണ്ടിനെ അറിയിച്ചുകൊള്ളുന്നു. നിയമനിർമ്മാണസഭയുടെ ഓരോ ഭാഗത്തുനിന്നും ഓരോ സമുദായത്തിൽപെട്ട ബഹുമാനപ്പെട്ട മെമ്പർമാർ സമുദായവാദവും, വർഗ്ഗീയവാദവും, ദേശീയവാദവും, താല്കാലവാദവും അടിസ്ഥാനമാക്കി അവരുടെ സമുദായത്തിലേയൊ, നാട്ടിലേയൊ അംഗങ്ങൾക്കു ഉദ്യോഗം കരസ്ഥമാക്കിക്കൊടുക്കുവാനുള്ള സരസഗംഭീരങ്ങളായ വാദങ്ങൾ കേൾക്കുന്ന ഓരോ സന്ദർഭത്തിലും ഇവരുടെ എല്ലാവരുടേയും സമുദായങ്ങളിലുള്ള സ്ത്രീവർഗ്ഗത്തെപ്പറ്റി ആരും ചിന്തിക്കുന്നില്ലല്ലൊ എന്നു എനിക്കു തോന്നാറുണ്ടു്. കൊച്ചിയിൽ അഭ്യസ്തവിദ്യരായ സ്ത്രീകളുടെ എണ്ണം ഒട്ടും കുറവല്ലെങ്കിലും വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറിൽ ഒഴികെ മറെറ ഡിപ്പാർട്ട്മെൻറുകളിൽ പറയത്തക്ക ഒരു പ്രാതിനിദ്ധ്യം അവർക്കു ലഭിച്ചിട്ടില്ലെന്ന വ്യസനസമേതം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അയൽരാജ്യമായ തിരുവിതാംകൂറിൽപോലും സ്ത്രീകളെ 'ജുഡീഷ്യൽ' ഡിപ്പാർട്ട്മെൻറിൽ നിയമിച്ചിട്ടുണ്ടെന്നുള്ള വിവരം നമുക്കു പുത്തരിയല്ല. തിരുവിതാംകൂറിലും ബ്രിട്ടീഷ് ഇന്ത്യയിലും കൂടി സ്ത്രീകൾ പൊല്ലീസ്സു ഡിപ്പാർട്ട്മെണ്ടിൽ പ്രവേശിച്ചതായി പത്രങ്ങളിൽ കാണുന്നുണ്ടു്. ഇവിടെ അത്രത്തോളമില്ലെങ്കിലും സ്ത്രീ പ്രാതിനിദ്ധ്യത്തെ ബഹുമാനിച്ചു കാണാത്തതു് ആശാസ്യകരമാകുവാൻ വഴിയില്ല. അതുകൊണ്ടു ഭാവിയിൽ ഗവർമ്മെൻറു് ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

[At this stage for 3 or 4 minutes no hon'ble member rose tospeak]

Mr. Deputy President: Am I to take it that there is no other hon'ble member who is desirous to speak now? I shall wait for five minutes and in the meanwhile if no member stands up, I will adjourn the House.

മിസ്റ്റർ സി. വി. ഇയ്യു: ബഡ്ജറ്റു സമ്മേളനത്തിൽ ബഡ്ജറിനെ നിരൂപണം ചെയ്യുന്നതിനു ധനസംബന്ധമായ കാര്യങ്ങളിൽ ധാരാളം വൈദഗ്ദ്ധ്യം നേടീട്ടുള്ള ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പർ, ബഹുമാനപ്പെട്ട ദിവാൻപേരൂർ തെക്കെ നിയോജകമണ്ഡലം മെമ്പർ, കുച്ചുവേട മെമ്പർ, മിസ്റ്റർ ഗോവിന്ദപൈ-മുതലായ ആളുകൾ ഇരിക്കെ ധനശാസ്ത്രസംബന്ധമായ കാര്യങ്ങളിൽ യാതൊരുവൈദഗ്ദ്ധ്യവുംനേടിയിട്ടില്ലാത്ത ഒരു കൃഷിക്കാരൻ ആയ ഞാൻ ബഡ്ജറിനെക്കുറിച്ചു വിമർശിക്കുന്നതുകൊണ്ടു വലിയ കാര്യമായ ഗുണം ഉണ്ടാകുമോ എന്നുള്ളതു വളരെ സംശയമായ ഒരു സംഗതിയാണു്. എന്നാൽ രാജ്യഭരണത്തെക്കുറിച്ചു് പൊതുവെ നിരൂപണംചെയ്യുന്ന സമ്പ്രദായമാണു് ഇവിടത്തെ ബഡ്ജറു പ്രസംഗങ്ങളായി പരിണമിച്ചിരിക്കുന്നതു്. ബഡ്ജറിനെക്കുറിച്ചു നിരൂപണംചെയ്യുമ്പോൾ അതിലെ ആകത്തുകകളെല്ലാം കൂട്ടിനോക്കി മറെറ രാജ്യങ്ങളിലെ ബഡ്ജറുകളുമായി താരതമ്യപ്പെടുത്തി നമ്മുടെ ബഡ്ജറിൽ വന്നിട്ടുള്ള വീഴ്ചകളെ ചൂണ്ടിക്കാണിക്കുന്ന സമ്പ്രദായം വളരെ കുറവാണു്. അതുകൊണ്ടു് ഞാനും അങ്ങിനെ പറഞ്ഞാൽതെറ്റാണെന്നു്

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു തോന്നുന്നില്ല. രാജ്യഭരണവിഷയത്തിൽ കഴിഞ്ഞകൊല്ലത്തെ സമ്പ്രദായവുമായി നിരൂപണം ചെയ്യുമ്പോൾ നമ്മുടെ രാജ്യത്തിൽ ഉത്തരവാദിത്വഭരണത്തിന്റെ പ്രഥമപരിപാടിയെന്നുള്ള നിലയിൽ കുറെ ഡിപ്പാർട്ടുമെന്റുകളുടെ ഭരണം ഒരു മന്ത്രിയുടെ കീഴിൽ ഏല്പിച്ചുകൊടുത്തു ഭരണം നടത്തുകയും, മറ്റുള്ള ഭാഗം റിസർവ്ഡ് ഫാഫ് ആയിട്ടു ഗവണ്മെന്റു ഭരിക്കുകയുമാണു ചെയ്തുവരുന്നതു്. അങ്ങിനെ ഈ രാജ്യത്തെ ഭരണം ഒരുവിധം വിജയപ്രദമായി നടത്തുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. എന്നാൽ ഇതേ നിലയിൽതന്നെ ദ്വിഭരണസമ്പ്രദായം ഇനിയും നടത്തേണ്ട ആവശ്യമില്ലെന്നാണു എന്റെ അഭിപ്രായം. എന്റെ ഈ അഭിപ്രായത്തോടുകൂടി എല്ലാ മെമ്പർമാരും യോജിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. കൊച്ചിയിലെ ഭരണകൂടം ഇനി ഏതു രൂപത്തിൽ വ്യത്യാസപ്പെടുത്തണമെന്നുള്ള പ്രശ്നമാണു നമുക്കു പ്രധാനമായി ആലോചിക്കുവാനുള്ളതു്. ഈ സഭയുടെ മുമ്പാകെയും കൊച്ചി രാജ്യത്തിലെ പൌരാവലിയുടെ മുമ്പാകെയും കൊച്ചി രാജ്യഭരണത്തെക്കുറിച്ചു് എനിക്കു പറയുവാനുള്ള അഭിപ്രായം അധികം താമസിയാതെതന്നെ ബഹുമാനപ്പെട്ട ദിവാൻജി അവർകൾ മഹാരാജാവു തിരുമനസ്സിലെ ഉപദേശകനായി കൃപാന്തരപ്പെടുകയും, പരിപൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി ഭരിക്കുവാൻ എല്ലാ കാര്യങ്ങളേയും സംബന്ധിച്ചുമുള്ള അധികാരം ഈ സഭയോടു പരിപൂർണ്ണ ഉത്തരവാദമുള്ള ഒരു മന്ത്രിസഭയ്ക്കു നൽകുകയും ചെയ്താൽ തീർച്ചയായും നമ്മുടെ രാജ്യം ഇൻഡ്യയിലുള്ള മറ്റെല്ലാ നാട്ടുരാജ്യങ്ങൾക്കും ഒരു മാതൃകയായിതീരുമെന്നുള്ളതാണു്. ആ രീതിയിലുള്ള ഒരു ഭരണസമ്പ്രദായം താമസിയാതെ നടപ്പാക്കുവാൻ ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ സംഗതികൾ ഓരോന്നോരോന്നായി വിമർശിക്കുമ്പോൾ അതിൽ പ്രധാനമായി ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ചുള്ള ഒരു പ്രശ്നം ദിവാൻജി അവർകളുടെ ഭരണത്തിൽ വരുന്നുണ്ടു്. ഈ ഒരു പ്രശ്നം നാട്ടുരാജ്യങ്ങളിൽ മാത്രമല്ല ഇൻഡ്യയിൽ എല്ലായിടത്തും പൊതുവെ ഉള്ളതാണു്.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ഈ ഒരു പ്രശ്നം മാത്രമേയുള്ളോ?

മിസ്റ്റർ സി. വി. ഇയ്യു: ഇപ്പോൾ ഈ ഒരു പ്രശ്നമെ പറയുന്നുള്ളൂ. ഇതു് ആദ്യത്തേതാണു്. ഇനിയും പലതു പ്രശ്നങ്ങളുണ്ടു്. അതു പുറകെ വരും. കഴിഞ്ഞ മൂന്നു കൊല്ലക്കാലമായിട്ടുള്ള സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ പ്രവർത്തനംകൊണ്ടു നമ്മുടെ രാജ്യത്തു ചില പ്രത്യേക പ്രദേശങ്ങളിലുള്ള ചില പ്രത്യേക സമുദായങ്ങൾക്കു പ്രത്യേകമായ ചില ആനുകൂല്യങ്ങൾ കിട്ടുവാനിടയായിട്ടുണ്ടു്. അതു സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ രൂപം ഉണ്ടാക്കിയ അവസരത്തിൽ ഗവണ്മെൻറിന്റെ മുമ്പിൽ ഉണ്ടായിരുന്ന വിഷയങ്ങളെക്കുറിച്ചുമാത്രം ആലോചിച്ചപ്പോൾ ചില സമുദായങ്ങളുടെ രക്ഷക്കായിട്ടു മാത്രമായി നിർമ്മിക്കപ്പെട്ടതാണു്. അതിന്റെ പ്രവർത്തനം ഏതാനും കൊല്ലം നടന്നുവന്നപ്പോൾ വടക്കൻ താലൂക്കിലുള്ള ജനങ്ങൾക്കു് വലിയ അതൃപ്തിക്കും വിഷമങ്ങൾക്കും കാരണമായിത്തീർന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: മന്ത്രി എവിടെയുള്ള ആളാണു്?

മിസ്റ്റർ സി. വി. ഇയ്യു: മന്ത്രി എവിടെനിന്നാണെന്നു നോക്കുമ്പോൾ ആ താലൂക്കിലുള്ള ആളുകൾ മഹാന്മാരാണെന്നു തീർച്ചയായിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗത്തിൽ നിയമിക്കേണ്ട ആളുകളുടെ പാശ്ചത്തിലുള്ള ആളുകൾക്ക് ഉദ്യോഗസ്ഥ മേധാവികളുടെ ഇഷ്ടമനുസരിച്ചു മാത്രം ഉദ്യോഗങ്ങൾ കൊടുത്തുവന്നിരുന്നകാലത്തു് കൂടുതൽ പ്രാതിനിധ്യത്തിനു് അവകാശമുണ്ടായിരുന്നു. ഇപ്പോഴത്തെ ഡിപ്പാർട്ടുമെണ്ടു ഹെഡുകളിൽ വടക്കൻതാലൂക്കിൽനിന്നുള്ളവർ ആരുംതന്നെയില്ല. അതുകൊണ്ടു് വടക്കൻതാലൂക്കുകളിലുള്ള അധികംപേർക്കും ഉദ്യോഗം കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ : തൃശ്ശൂർ വടക്കല്ലേ ?

